**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *528.                    19.05.2017 ൽ മറുപടിയ്ക്ക്

**എക്സൈസ് വകുപ്പ് നവീകരണവും ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>പ്രൊഫ.കെ.യു. അരുണൻ | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിന്റെ ഓഫീസുകളിൽ പകുതിയോളം നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത് ഇ-ഓഫീസുൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ; | (എ) | ഇ-ആഫീസ് സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആഫീസുകളിൽ ക്യുബിക്കിൾ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആഫീസുകളിൽ ക്യൂബിക്കിൾ സംവിധാനം സ്ഥാപിക്കുവാൻ കഴിയാത്തതിനാൽ ഇ-ആഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നുണ്ട്. വകുപ്പിന്റെ നവീകരണ പ്രവർത്തനത്തിനായി ഈ സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 7.50 കോടി രൂപയും നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 1.65 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള ഫീൽഡ് ആഫീസുകളിൽ വനിതാ ജീവനക്കാർക്ക് ആവശ്യമായ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വനിതാ ജീവനക്കാർക്ക് ഡ്രസ്സിംഗ് റൂമും ടോയിലറ്റ് സൗകര്യങ്ങളും നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വാടക കെട്ടിടത്തിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന ആഫീസുകൾക്ക് ടി സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആഫീസുകളിൽ ലോക്കപ്പ് സൗകര്യങ്ങളും തൊണ്ടി റൂമുകളും വാഹന ഷെഡും നിർമ്മിച്ചുകൊണ്ട് നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനും കഴിയുന്നില്ല. മാത്രമല്ല കെട്ടിട ഉടമസ്ഥൻ ആവശ്യപ്പെടുന്നതനുസരിച്ച് മാറിക്കൊട്ടക്കേണ്ടി വരുമ്പോൾ ആഫീസുകൾ പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുവാൻ സാധിക്കാതെ വരുന്നു. ഫീൽഡ് ആഫീസുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതിനാൽ രാത്രികാലങ്ങളിൽ ഡ്യൂട്ടി കഴിഞ്ഞ് എത്തുന്ന ഉദ്യോഗസ്ഥർക്ക് വിശ്രമിക്കാൻ ആവശ്യമായ സ്ഥല സൗകര്യങ്ങൾ വാടക കെട്ടിടത്തിൽ ലഭിക്കുന്നില്ല.<br>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആഫീസുകളിൽ വയർലസ്സ് സംവിധാനത്തിനുള്ള ബെയ്സ് സ്റ്റേഷനുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുവാൻ കഴിയാത്ത അവസ്ഥ നിലവിലുള്ളതിനാൽ ആയത് സ്ഥാപിക്കുന്നതിന് സ്വന്തമായി കെട്ടിടങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ പ്രശ്നം പരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) | സ്വന്തമായ കെട്ടിടം ഇല്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൈസ് ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുവാൻ എല്ലാ ആഫീസുകൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. കോട്ടയം, തൃശ്ശൂർ, പാലക്കാട്, വയനാട് |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ എക്സൈസ് ടവറുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മാനന്തവാടി, അങ്കമാലി, ശാസ്താംകോട്ട, കൊട്ടാരക്കര എന്നിവിടങ്ങളിൽ എക്സൈസ് കോംപ്ലക്സുകളും തങ്കമണി , ആര്യനാട് എന്നിവടങ്ങളിൽ എക്സൈസ് റേഞ്ച് ആഫീസുകളും നിർമ്മിക്കുന്നതിന് പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വൈക്കം, ചങ്ങനാശ്ശേരി, ചേർത്തല, ചിറ്റൂർ, അടൂർ, കുട്ടനാട് എന്നിവിടങ്ങളിൽ എക്സൈസ് കോപ്ലക്സ് നിർമ്മിക്കുന്നതിനു വേണ്ടിയും വടക്കാഞ്ചേരി ഉടുംമ്പൻചോല എന്നിവിടങ്ങളിൽ എക്സൈസ് സർക്കിൾ ആഫീസ് നിർമ്മിക്കുന്നതിനും പറളി, ബദിയടുക്ക എന്നിവിടങ്ങളിൽ എക്സൈസ് റേഞ്ച് ആഫീസ് നിർമ്മിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | വ്യാജ മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും കടത്ത് ഫലപ്രദമായി തടയുന്നതിനുവേണ്ടി, ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണത്തിനായി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) | എക്സൈസ് ചെക്ക് പോസ്റ്റുകളിലെ പരിശോധന കാര്യക്ഷമമാക്കുന്നതിന് തിരഞ്ഞെടുത്ത ചെക്ക് പോസ്റ്റുകളിൽ സോളാർ ഹൈമാസ്റ്റ് എൽ.ഇ.ഡി ലാമ്പുകളും, എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും അഴിമതിരഹിതമാക്കുന്നതിനും വേണ്ടി തിരഞ്ഞെടുത്ത 14 ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി ക്യാമറയും, ചെക്ക് പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കണ്ടെയിനർ മോഡ്യൂളുകളും |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ എക്സൈസ് ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിന്റെ ഭാഗമായി ഡിജിറ്റൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും, ചെക്ക് പോസ്റ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി ടോർച്ച്, കൂടകൾ, വേയിംഗ് മെഷിൻ, ഫർണീച്ചർ എന്നിവ വാങ്ങുന്നതിനും, വ്യാജമദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും കടത്ത് തടയുന്നതിനുവേണ്ടി മേജർ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുന്നതിനും വേണ്ട നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**